**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2183** **21-06-2024 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലാ ആശുപത്രിയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലാ ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണത്തിനായി പഴയ കെട്ടിടങ്ങൾ പൊളിച്ചത് മൂലം അഞ്ചാം വാർഡിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരിക്കുകയാണെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പുതിയ കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന കോട്ടയം ജില്ലാ ആശുപത്രിയുടെ 5-ാം വാർഡ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ സീലിംഗ് പ്ലാസ്റ്ററുകൾ പൊട്ടി വീഴുന്നത് മൂലവും തറയിലെ ടൈലുകൾക്ക് കേടുപാടു സംഭവിച്ചത് മൂലവും രോഗികളെ പ്രവേശിപ്പിക്കാൻ സാധിക്കാത്തതിനാലാണ് പ്രസ്തുത വാർഡിന്റെ പ്രവർത്തനം താൽകാലികമായി നിർത്തി വച്ചത്. എച്ച്.എം.സി അക്കൗണ്ടിൽ നിന്നും 18 ലക്ഷം രൂപയും, ജില്ലാ പഞ്ചായത്തിൽ നിന്നും 50 ലക്ഷം രൂപയും വകയിരുത്തി ഈ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ നടത്തിവരുന്നു. ജില്ലാ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം നിർവഹണം നടത്തുന്ന ഈ പദ്ധതി 2 മാസത്തിനുള്ളിൽ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാനാകും. |
| (ബി) | ഇവിടെ നിന്ന് നീക്കം ചെയ്യുന്ന മണ്ണ് കോട്ടയം മണ്ഡലത്തിലെ മറ്റു പ്രവൃത്തികൾക്കായി അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | കോട്ടയം ജനറൽ ആശുപത്രിയിൽ കിഫ്ബി പദ്ധതി പ്രകാരം ബഹു നില കെട്ടിടം പണിയുന്നതിനായി നീക്കം ചെയ്യപ്പെടുന്ന അധിക മണ്ണ് ഏറ്റുമാനൂർ, കോട്ടയം നിയോജകമണ്ഡലത്തിലെ റോഡുകളുടെ വികസനത്തിനായി ഉപയോഗിക്കുന്നതിന് 21.05.2024 ലെ സ.ഉ(സാധാ) നം. 1228/2024/H&FWD നമ്പർ ഉത്തരവ് പ്രകാരം കോട്ടയം ജില്ലാ കളക്ടർക്ക് അനുമതി നൽതി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ